# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

27.09.2017, 12.00 പി.എം-ന് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ പദ്ധതി അവലോകന സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 5907/പി & ഡി-3/2/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 05.10.2017

---

പരാമർശം: 1) 27.09.2017-നു 12 മണിക്ക് ബഹു. വൈസ് ചൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.

2) 27.09.2017-ലെ റൂസ പദ്ധതി അവലോകന സമിതി യോഗത്തിന്റെ അജൻഡ

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ പദ്ധതി അവലോകന സമിതിയുടെ യോഗം 27.09.2017-ന് 12.00 മണിക്ക് ബഹു. വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാമ്പസ് വൈഫൈ അനുബന്ധ ഐ.റ്റി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയടങ്കൽ തുകക്കുള്ളിൽ വരത്തക്കവിധം, ഫിനാൻസ് കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ട് പ്രകാരം പദ്ധതി നടത്തിപ്പിനായി പ്രസ്തുത റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.
2. സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസിലേക്കുള്ള് ലാബുപകരണങ്ങൾ വാങ്ങുന്നതിനുള്ള, ഇ-ടെൻഡർ വഴി ലഭിച്ച ടെൻഡറുകളുടെ അടിസ്ഥാനത്തിൽ പർച്ചേസ് ഓർഡർ നൽകുന്നതിനുള്ള വകുപ്പു മേധാവിയുടെ അപേക്ഷ കമ്മിറ്റി പരിഗണിച്ചു. അനുമതി നൽകാൻ യോഗം തീരുമാനിച്ചു.
3. റൂസ ഫണ്ടുപയോഗിച്ച് സർവകലാശാലയിൽ നടന്നു വരുന്ന വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, നവീകരണം, അറ്റകുറ്റ പണികൾ എന്നീ പ്രവൃത്തികൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. പദ്ധതി പൂർത്തിയായി വരുന്നതായും ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി വരുന്നതായും സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.
4. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സർവകലാശാല ക്യാമ്പസ് സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെൻഡർ മുഖാന്തിരം ലഭിച്ച ടെൻഡറുകൾ പരിശോധിക്കുന്നതിനായി 16.09.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. ഒ.എ. 14/17.12/171826 പ്രകാരം ഫിനാൻസ് ഓഫീസർ, സർവകലാശാല എഞ്ചിനീയർ, ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം), അനർട്ട് ഡയക്ടർ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന വ്യക്തി എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ അനർട്ട് ഡയറക്ടറിൽ നിന്ന് അനുകൂല മറുപടി ലഭിക്കാത്ത സാഹചര്യത്തിലും ടെൻഡർ തുറക്കുന്നത് അനിശ്ചിതമായി നീണ്ടുപോകും എന്ന സാഹചര്യത്തിലും പ്രസ്തുത പദ്ധതിയുടെ ടെക്നിക്കൽ കൺസൽട്ടന്റ് ആയി സംസ്ഥാന സർക്കാർ ഏജൻസിയായ M/s കിറ്റ്കോയെ ചുമതലപ്പെടുത്തുന്നത് പരിഗണിക്കണമെന്ന് സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

(മറുപുറം....)

5. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാമ്പസിൽ നടപ്പിലാക്കി വരുന്ന സി-ടെക്സ്/ ഇ-ഗവേണൻസ് പദ്ധതിയ്ക്കായി 500 തിൻ ക്ലൈന്റ് കംപ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ പുറപ്പെടുവിച്ചതിൽ സാധുതയുള്ള ഒരു ടെൻഡർ മാത്രം ലഭിച്ച സാഹചര്യത്തിൽ തിൻ ക്ലൈന്റ് കംപ്യൂട്ടറിനായി നിലവിൽ തയ്യാറാക്കിയ സ്പെസിഫിക്കേഷൻ പ്രകാരം റീ-ടെൻഡർ നടപടികൾ നടത്തേണ്ടതില്ലെന്നും പ്രസ്തുത ടെൻഡർ റദ്ദു ചെയ്യുന്നതിനും തീരുമാനിച്ചു. നിലവിലെ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ശ്രീ. മധു. വി.റ്റി. (ഏകോപനാധികാരി, ഐ.റ്റി. സെൽ) സമർപ്പിച്ച റിപ്പോർട്ടും അതോടൊപ്പമുള്ള പുതുക്കിയ സ്പെസിഫിക്കേഷനും അംഗീകരിക്കുവാൻ തീരുമാനിച്ചു. പുതിയ സ്പെസിഫിക്കേഷൻ പ്രകാരം പുതിയ ടെൻഡർ പുറപ്പെടുവിക്കുന്നതിനുള്ള അംഗീകാരത്തിനായി ഫയൽ സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു. ഇ-ടെൻഡർ മുഖേന ലഭിക്കുന്നപ്രസ്തുത പദ്ധതിക്കുള്ള ടെൻഡർ പരിശോധിക്കുന്നതിന് ഫിനാൻസ് ഓഫീസർ, ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം), വിനോദ് ചന്ദ്ര, ഡയറക്ടർ, കംപ്യൂട്ടർ സെന്റർ, കേരള സർവകലാശാല, സർവകലാശാല എഞ്ചിനീയർ, ശ്രീ. മധു വി.റ്റി. (ഏകോപനാധികാരി, ഐ.റ്റി. സെൽ), ശ്രീ. ഹരികൃഷ്ണൻ എം.വി., സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ് എന്നിവരടങ്ങുന്ന സമിതിയെ രൂപീകരിക്കാനും തീരുമാനിച്ചു.

6. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സർവകലാശാലയിൽ ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലെ അടുക്കള നവീകരണം സംബന്ധിച്ച് അംഗീകരിച്ച പദ്ധതി ചെലവിൽ മാറ്റമില്ലാതെ, പദ്ധതിയുടെ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥാനം സംബന്ധിച്ച് രൂപരേഖയിൽ മാറ്റം വരുത്തിയത് അംഗീകരിക്കുന്നതിനുള്ള സർവകലാശാല എഞ്ചിനീയറുടെ അപേക്ഷ യോഗം അംഗീകരിച്ചു.

ശുപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

**തുളസീലാൽ ആർ.എൻ**
**ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
4. സർവകലാശാല എഞ്ചിനീയർ
5. ശ്രീ. മധു വി.റ്റി., (ഏകോപനാധികാരി, ഐ.റ്റി. സെൽ)
6. ശ്രീ. ഹരികൃഷ്ണൻ എം.വി. (സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ്)
7. ഫിനാൻസ് I,IV/ഓഡിറ്റ് I/ അക്കൗണ്ട്സ് V
8. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
9. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
10. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
11. സി.എം.സ്
12. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: പി & ഡി- 3/2/702/281/2016/ഭരണവിഭാഗം**